**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2075 — 15.07.2011-ൽ മറുപടിയ്ക്ക്

**ഭാഷാ നയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) മലയാളം പ്രഥമ ഭാഷയാക്കി ഉത്തരവ് ആയതിന്റെ ഭാഗമായി കേരളത്തിലുടനീളം ഇതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് സ്ഥാപനങ്ങളുടെ പരസ്യ ഫലകങ്ങളിൽ മലയാളം നിർബന്ധമാക്കുമോ ; | (എ) സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം പ്രഥമ ഭാഷയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ നം: 14859/ഔ ഭാ3/98/ ഉഭപവ തീയതി 22.10.98 പ്രകാരം സ്ഥലനാമ ഫലകങ്ങൾ , കിലോമീറ്റർ കുറ്റികൾ, ദിക്ക് സൂചകഫലകങ്ങൾ , ശിലാഫലകങ്ങൾ , സർക്കാർ ഓഫീസുകളുടേയും മറ്റും പേരുവിവരങ്ങൾ എന്നിവയുടെ ലിഖിതങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും ആയിരിക്കണമെന്ന് നിർദ്ദേശം നിലവിലുണ്ട്. |
| (ബി) എയ്ഡഡ് വിദ്യാലയങ്ങളിലെ മലയാളം ഭാഷാദ്ധ്യാപകർക്ക് പ്രൊട്ടക്ഷന്റെ പേരിൽ നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കാത്തത് ഒഴിവാക്കുവാൻ ഉത്തരവിറക്കുമോ ; | (ബി) നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

(................2)

(സി) മലയാള ഭാഷയ്ക്ക് പ്രഥമ പരിഗണന ലഭിക്കുവാനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ വാഹനങ്ങളുടേയും ഓഫീസുകളുടേയും ബോർഡുകളും മറ്റും മലയാളത്തിൽ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകികഴിഞ്ഞു. വകുപ്പുതല പദകോശം യൂണികോഡ് ഫോണ്ടിലാക്കി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ഫാറങ്ങൾ, രജിസ്റ്ററുകൾ എന്നിവ മലയാളത്തിൽ അച്ചടിക്കുന്നതിന് നിർദ്ദേശം നൽകി. എല്ലാ സർക്കാർ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും വെബ് സൈറ്റുകളിൽ വിവരങ്ങൾ മലയാളത്തിൽ കൂടി ലഭ്യമാക്കുന്ന - തിനായി ഐ.റ്റി @ സ്കൂൾ ഡയറക്ടർക്ക് നിർദ്ദേശം നൽകി. നിയമസഭാ സമിതിയുടെ റിപ്പോർട്ടിൻമേലുള്ള നടപടികൾ മലയാളത്തിൽ തന്നെ മറുപടി നൽകാമെന്ന് തീരുമാനമെടുത്തു.

(ഡി) സർക്കാർ ഒരു 'ഭാഷാനയം' പ്രഖ്യാപിക്കുമോ ?

(ഡി) ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് മേൽ നടപടിയെടുക്കു - ന്നതാണ്.

സെക്ഷൻ ഓഫീസർ